(സി) മുൻ സെൻസസുമായി ഉള്ള താരതമ്യ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ഇനം	1997-ലെ സെൻസസ്	2002-ലെ സെൻസസ്
ആന	5737	6939
കാട്ടുപോത്ത്	4151	14787
മ്ലാവ്	13661	30414
പുള്ളിമാൻ	14882	38391
കരിങ്കുരങ്ങ്	24809	51517
കാട്ടുപന്നി	40425	60940
കടുവ	73	71±7
മലയണ്ണാൻ	63474	88919
സിംഹവാലൻ കുരങ്ങ്	300	1320
വരയാട്	1008	600

മുൻ സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ വരയാടുകളുടെ എണ്ണം കുറവായും മറ്റു മൃഗങ്ങളുടെ എണ്ണം കൂടിയതായും കാണുന്നു.

കോട്ടയം-എരുമേലി, അങ്കമാലി-ശബരിമല റെയിൽവേ പാതകളുടെ പണി

92 [585] ശ്രീ. ജോർജ്ജ് ജെ. മാത്യു:
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. സുധാകരൻ:
„ എം. പി. ഗംഗാധരൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-എരുമേലി, അങ്കമാലി-ശബരിമല എന്നീ റെയിൽവേ പാതകളുടെ പണി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാതകൾ പണിയുന്നതിനാവശ്യമായ സ്ഥലം എടുത്തു കൊടുക്കണമെന്ന് റെയിൽവേ അഡ്മിനിസ്ട്രേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാതകളുടെ നിർമ്മാണത്തിനായി എത്ര ഹെക്ടർ ഭൂമിയാണ് അക്വയർ ചെയ്യേണ്ടത്; അതിൽ എത്ര ഹെക്ടർ ഭൂമി ഇതുവരെ അക്വയർ ചെയ്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംഗീകരിച്ചിട്ടുണ്ട്.

(ബി ആന്റ് സി) അങ്കമാലി-ശബരിമല പാതയ്ക്ക് സ്ഥലം എടുത്തു നൽകണമെന്ന് 29-11-2002-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. കോട്ടയം-എരുമേലി പാതകളുടെ സർവ്വേ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അങ്കമാലി–ശബരിമല പാതയ്ക്ക് ഏകദേശം 517 ഹെക്ടർ ഭൂമിയാണ് ആവശ്യം. ഭൂമിയേറ്റെടുക്കാൻ ഇതുവരെയും നടപടി തുടങ്ങിയിട്ടില്ല.

കാസർഗോഡ് ജില്ലയിലെ വനം റോഡുകളുടെ പരിഷ്ക്കരണ പ്രവൃത്തികൾ

93 [586] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെമ്മരംകയം–ആമച്ചാൽ കമ്പല്ലൂർ, കോട്ടമല വളഞ്ഞങ്ങാനം വനം റോഡുകളുടെ പരിഷ്ക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചെമ്മരംകയം–ആമച്ചാൽ കമ്പല്ലൂർ, കോട്ടമല–വളഞ്ഞങ്ങാനം റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 2004–05 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂരിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെന്റർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നബാർഡ് സഹായത്തോടെ പുനരുദ്ധരിക്കുന്ന റോഡുകൾ

94 [587] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് നബാർഡ് സഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി വനം വകുപ്പ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോന്നിനും എത്ര ലക്ഷം രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അടിയന്തിരമായി അംഗീകാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) മണിയാർ–കട്ടച്ചിറ റോഡാണ് നബാർഡ് സഹായത്തോടെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) 7.5 കി.മീ. നീളമുള്ള മണിയാർ–കട്ടച്ചിറ റോഡിന് 1999–ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 38 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. എന്നാൽ 1–12–2004 മുതൽ പി.ഡബ്ലിയു.ഡി. ഷെഡ്യൂൾഡ് റേറ്റുകൾ പുതുക്കി നിശ്ചയിച്ചു. പുതുക്കിയ നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly